**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 832** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ നിയോജക മണ്ഡലത്തിൽ വന്യമൃഗാക്രമണത്തിനെതിരെ സംരക്ഷണ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ നിയോജക മണ്ഡലത്തിൽ മുഴുവൻ ജനവാസ മേഖലയെയും വന്യമൃഗാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന രീതിയിലുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് നിലവിലുണ്ടായിരുന്ന ഡിവിഷൻതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നിലമ്പൂർ നിയോജക മണ്ഡലത്തിലെ നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് വനം ഡിവിഷനുകൾക്ക് കീഴിൽ വരുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി നിലമ്പൂർ ലാൻഡ്സ്കേപ്പ്തല പ്ലാൻ രൂപപ്പെടുത്തിയിട്ടുള്ളതാണ്. വനമേഖലയോട് ചേർന്ന് വരുന്ന ജനവാസമേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഇതിലൂടെ ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സാധിക്കും. അതോടൊപ്പം "നിയമസഭാ മണ്ഡലതല മനുഷ്യ-വന്യജീവി സഹജീവന നിർദ്ദേശക സമിതി" (Legislative Assembly Constituency level Committees for Human-Wildlife Co-existence) രൂപീകരിച്ചിട്ടുള്ളതുമാണ്.

**(ബി)** ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയോജിത പദ്ധതികൾ രൂപീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിയമസഭാ മണ്ഡലതല മനുഷ്യ-വന്യജീവി സഹജീവന നിർദ്ദേശക സമിതികൾ, പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ജനജാഗ്രതാ സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെയെല്ലാം ഏകോപനത്തോടെയും സഹകരണത്തോടെയുമുള്ള വിവിധ സംഘർഷ ലഘൂകരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**